# ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് സമാപിച്ചു

**കരുനാഗപ്പള്ളി**

കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച ഒമ്പതാമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് സമാപിച്ചു. ജില്ലാ ത്രോബോൾ അസോസിയേഷൻ ജനറൽ സെക്രട്ടറി എസ് സാബു ജാൻ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ ജോയിന്റ് സെക്രട്ടറി അർഷാദ് അലി അധ്യക്ഷനായി. ഇജാസ് അഹമ്മദ്, ആദിത്യൻ, സുജീഷ് സുരേഷ്, അനുശ്രീ, അഭിഷേക് പി. സോജു, ആശിക് എന്നിവർ സംസാരിച്ചു.




**ഒമ്പതാമത് കൊല്ലം ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ വിജയികളായവർ സംഘാടകർക്കൊപ്പം**

ഹൈഫ്ലയേഴ്സ് കടസ്റ്റൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി ചാമ്പ്യന്മാരായി. കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ രണ്ടാം സ്ഥാനവും കൊല്ലം സിറ്റി ത്രോബോൾ ക്ലബ് മൂന്നാം സ്ഥാനവും നേടി.

കേരള കൗമുദി
13/October /2026
കോളം 1,2  പേജ് 2

# കൊല്ലം ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് സമാപിച്ചു

കരുനാഗപ്പള്ളി : ജില്ലാ ത്രോബോൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച ഒൻപതാമത് കൊല്ലം ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് സമാപിച്ചു. ജില്ലാ ത്രോബോൾ അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്. സാബുജാൻ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ ജോയിന്റ് സെക്രട്ടറി അർഷാദ് അലി അദ്ധ്യക്ഷനായി. ഇജാസ് അഹമ്മദ്, ആദിത്യൻ, സുജീഷ് സുരേഷ്, അനുശ്രീ, അഭിഷേക് പി. സോജു, ആശിക് എന്നിവർ സംസാരിച്ചു. ലീഗ് അടിസ്ഥാനത്തിൽ നടന്ന മത്സരങ്ങളിൽ ഹൈഫ്ലയേഴ്സ് കടയ്ക്കൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി ചാമ്പ്യന്മാരായി. കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ രണ്ടാം സ്ഥാനവും കൊല്ലം സിറ്റി ത്രോബോൾ ക്ലബ് മൂന്നാം സ്ഥാനവും നേടി. തുടർന്ന് കൊല്ലം ജില്ലാ സബ്ജൂനിയർ ത്രോബോൾ ടീമിനെയും പ്രഖ്യാപിച്ചു. പാലക്കാട് വെച്ച് ഈ മാസം 17 മുതൽ നടക്കുന്ന സംസ്ഥാന സബ്ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ തിരഞ്ഞെടുക്കപ്പെട്ട കൊല്ലം ജില്ലാ ടീം ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുക്കും.